(ബി) —(ഡി) വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടിന്റെയും വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായി കൃഷിവകുപ്പുമന്ത്രി നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റിനു സമർപ്പിക്കുവാനായി തയ്യാറാക്കിയ കരടു നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

കാർഷിക വിളകളുടെ വിലയിടിവ്

100 [400] . *ശ്രീ. ഷിബു ബേബിജോൺ*:
„ *ആർ. ബാലകൃഷ്ണപിള്ള*:
„ *ജോണി നെല്ലൂർ*:
„ *കെ. ബി. ഗണേഷ്കുമാർ*:
„ *ടി. എം. ജേക്കബ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം കാർഷിക വിളകളാണ് വിലയിടിവ് നേരിടുന്നത്;

(ബി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) നെല്ല്, കുരുമുളക്, അടയ്ക്ക എന്നിവ സംഭരിക്കണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ഉൽപ്പന്നങ്ങൾ എത്രവീതം സംഭരിച്ചുവെന്നും അവയ്ക്ക് എന്ത് വില നൽകിയെന്നും വിശദമാക്കാമോ;

(ഡി) നെൽകൃഷി കേരളത്തിൽ കുറഞ്ഞുവരുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ല്, കുരുമുളക്, അടയ്ക്കാ എന്നീ കാർഷിക വിളകളാണ് വിലയിടിവ് നേരിടുന്നത്.

(ബി) & (സി) സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് പ്രകാരം 1985-ൽ 7.30 ലക്ഷം ഹെക്ടറിൽ ഉണ്ടായിരുന്ന നെൽകൃഷി 2003-2004-ൽ 2.9 ലക്ഷം ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനും കൂടുതൽ കർഷകരെ നെൽകൃഷിയിലേക്ക് ആകർഷിക്കുന്നതിനും വിവിധ ഇനം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly